പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 313 — 23.06.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. മാത്യൂ റ്റി. തോമസ് :<br>" സി. കെ. നാണു : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | |
| --- | --- |
| കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തു നിന്നും കൃത്യസമയത്ത് പെൻഷൻ കൊടുത്തു തീർക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പെൻഷൻ നല്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് നേരിട്ട് ഏറ്റെടുക്കാൻ തയ്യാറാകുമോ? | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 78 കോടി രൂപയാണ്. കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് പെൻഷൻ വിതരണവുമായി ബന്ധപ്പെട്ടതാണ്. ഇത്തരത്തിൽ കോർപ്പറേഷന് പ്രതിവർഷം 480 കോടി രൂപ ചെലവിടേണ്ടതായുണ്ട്.<br>ഗുരുതരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 59 കോടി രൂപയും ലോണിനത്തിൽ 125 കോടി രൂപയുമാണ് ബജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് വകയിരുത്തിയിരുന്നത്. ഈ തുക കൂടാതെ, അധിക സാമ്പത്തിക സഹായമായി 300 കോടി രൂപ (മുന്നൂറു കോടി രൂപ മാത്രം) കെ.എസ്.ആർ.ടി.സി.ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ നൽകുകയുണ്ടായി.<br>2014-15 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച 150 കോടി രൂപയിൽ നിന്നും 55 കോടി രൂപ ഇതിനകം തന്നെ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു കൂടാതെ, 50 കോടി രൂപ പെൻഷൻ വിതരണത്തിനായി റിലീസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരികയു |

| | |
|---|---|
| | മാണ്. മേൽ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യത പൂർണ്ണമായും നേരിട്ട് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിന് നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പെൻഷൻ വിതരണത്തിനായി തുക കണ്ടെത്തുന്നതിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ